പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .6142 — 09.07.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി മേഖലയുടെ ഉയർച്ചയ്ക്കായി നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യതൊഴിലിലും അനുബന്ധ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നതും മത്സ്യത്തൊഴിലാളി കുടുംബമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ എത്ര മത്സ്യ തൊഴിലാളികൾ ഉണ്ട് എന്നതിന് സ്ഥിതിവിവരകണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കമോ ; | (എ) | 2011-12 ലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ കണക്ക് അനുസരിച്ച് സമുദ്ര ഉൾനാടൻ മേഖലകളിലായി 2,38,646 മത്സ്യത്തൊഴിലാളികളും 71628 അനുബന്ധത്തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | കടലോര മേഖലയിലെ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. 2004-ൽ കടലോരമേഖലയിലെ ജനങ്ങളുടെ Socio Techno Economic Survey നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013-14-ൽ സോഷ്യോ എക്കണോമിക് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഉപരിപഠന മേഖലയിലേക്ക് മത്സ്യതൊഴിലാളി സമൂഹത്തിൽ നിന്നും ആരും ഉയർന്നുവരുന്നില്ല എന്നത് മനസ്സിലാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കമോ; അതിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ എന്തെല്ലാം; ഇതുവഴി മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ച നേട്ടങ്ങൾ എന്തെല്ലാം ? | (സി) | ഉപരി പഠന മേഖലയിലും, തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകളിലും മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നും പ്രാതിനിധ്യം കുറവാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ കുട്ടികളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും, കൊഴിഞ്ഞു പോക്ക് പരമാവധി കുറയ്ക്കുന്നതിനുമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കുന്നു. കൂടാതെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സുകളായ എം.എസ്.സി. ഇൻഡസ്ട്രിയൽ ഫിഷറീസിൽ സർക്കാർ സ്പോൺസർഷിപ്പും, ബി.എഫ്.എസ്.സി. യിൽ സംവരണവും ഏർപ്പെടുത്തിയിട്ടുണ്ട്.<br>കൂടാതെ ഉന്നത മത്സരപ്പരീക്ഷകൾക്ക് മത്സ്യത്തൊഴിലാളി സമൂഹത്തിലെ കുട്ടികളെ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ രാജീവ് ഗാന്ധി സെന്റർ ഫോർ കരിയർ ഡെവലപ്പ്മെന്റ് എന്ന പേരിൽ ഒരു സ്ഥാപനം രൂപീകരിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

Jeyasree

സെക്ഷൻ ഓഫീസർ